
10/11/2012

Volume II , Issue –1



# ഗിരിജ്യോതി

## ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റി

### മരിയാപുരം, ഇടുക്കി















സമൂഹത്തിലെ സാമ്പത്തികമായും സമൂഹികമായും പിന്നോക്കം നിൽക്കുന്നവരുടെയും, താഴെത്തട്ടിൽനിൽക്കുന്നവരുടേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഹൈറേഞ്ച് ഡെവലെപ്മെൻറ് സൊസൈറ്റി അതിൻെറ പ്രവർത്തനവീഥിയിൽ നിരവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോകുകയാണ്.

അനുഗ്രഹത്തിൻെറ കർമ്മനിരതമായ പ്രവർത്തനങ്ങൾ പിന്നിടുമ്പോൾ ഹൈറേഞ്ച് ഡെവെലപ്മെൻറ് സൊസൈറ്റിയുടെമേൽ ദൈവം ചൊരിഞ്ഞ എല്ലാ അനുഗ്രഹങ്ങളും നന്ദിയോടെ സ്മരിക്കുന്നു. സൊസൈറ്റിയുടെ ഓരോ ചുവടുവയ്പ്പുകളേയും സൂഷ്മമായി നിരീക്ഷിക്കുകയും, ഞങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും, പ്രോത്സാഹനവും, പരിഗണനയും നൽകി ഞങ്ങളെ നയിക്കുകയും ചെയ്യുന്ന അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന് നന്ദിയും സ്നേഹവും അർപ്പിക്കുന്നു. രൂപതാ വികാരി ജനറാളും ഹൈറേഞ്ച് ഡെവലെപ്മെൻറ് സൊസൈറ്റിയുടെ പ്രസിഡൻറുമായ ബഹുമാനപ്പെട്ട മോൺ.മാത്യു തൊട്ടിയിൽ അച്ചൻെറ മാർഗ്ഗനിർദ്ദേശങ്ങളും നേതൃത്വവും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ഡയറക്ടർ ബോർഡ് അംഗങ്ങൾ, ക്രെഡിറ്റ് യൂണിയൻ മേഖലാ ഡയറക്ടർമാർ, സെൻട്രൽ കമ്മറ്റി അംഗങ്ങൾ, സി.ഡി.സി, ട്രസ്റ്റ് ഏരിയാ കമ്മറ്റി അംഗങ്ങൾ എന്നിവരുടെ സംഭാവനകൾ നന്ദിയോടെ സ്മരിയ്ക്കുന്നു. കാരിത്താസ് ഇൻഡ്യ, കേരളാ സോഷ്യൽ സർവ്വീസ് ഫോറം, സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ, ഉപകാരികൾ, അഭ്യുദയകാംഷികൾ എന്നിവർക്കും പ്രത്യേകം നന്ദി പറയുന്നു.

Highrange Development Society (Idukki Diocesan Social Service Society)
(Reg.No:I 231/2003)Mariyapuram, Idukki - 685602
Phone: 04862 236568,205565 Web: www.hdsidukki.org
Email: hdsidukki@gmail.com

### ക്രെഡിറ്റ് യൂണിയൻ സെൻട്രൽ കമ്മറ്റി

ക്രെഡിറ്റ് യൂണിയൻെറ പ്രവർത്തനങ്ങൾ ഏഴ് മേഖലകളായി ക്രമീകരിച്ചിരിയ്ക്കുന്നു. ഓരോ മേഖലയുടേയും പ്രവർത്തനങ്ങൾ അതാത് മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച് വരുന്നു. അടിമാലി, രാജാക്കാട്, മുരിയ്ക്കാശ്ശേരി, നെടുംകണ്ടം, ഇരട്ടയാർ, ഇടുക്കി, വാഴത്തോപ്പ് എന്നിവയാണ് നിലവിലുള്ള ഏഴ് മേഖലകൾ. ഓരോ മേഖലയിൽനിന്നും ഓരോ പ്രതിനിധികളും, വിവിധ മേഖലകളിൽ മികവ് തെളിയിച്ച ക്രെഡിറ്റ് യൂണിയൻ അംഗങ്ങളിൽനിന്നും നോമിനേറ്റ് ചെയ്യപ്പെടുന്ന ഒരു അംഗവും ഉൾപ്പെടെ 8 അംഗങ്ങൾ ഉൾപ്പെടുന്നതാണ് സെൻട്രൽ കമ്മറ്റി. പ്രവർത്തന വർഷത്തിൽ 4 സെൻട്രൽ കമ്മറ്റി യോഗങ്ങൾ നടന്നു. ശ്രീ. എം.റ്റി.തോമസ് പ്രസിഡൻറായും, എച്ച്.ഡി.എസ് സ്റ്റാഫ് ശ്രീ.സിബി മാളിയേക്കൽ സെൻട്രൽ കമ്മറ്റി സെക്രട്ടറിയായും പ്രവർത്തിയ്ക്കുന്നു. 12000 അംഗങ്ങളും 1500 ലീഡേർസും ഉള്ള ഗിരിജ്യോതി ക്രെഡിറ്റ് യൂണിയനിൽ 710 സ്വയം സഹായ സംഘങ്ങളും 67 സ്വയം സഹായ ഫെഡറേഷനുകളും പ്രവർത്തിക്കുന്നു സെൻട്രൽ കമ്മറ്റിയിൽ 50% സ്ത്രീ പ്രാതിനിധ്യം ഉണ്ട്.

### ഇൻഷുറൻസ് പദ്ധതികൾ

എച്ച്. ഡി എസിന് കീഴിൽ 4 ഇൻഷുറൻസ് പ്രോഗ്രാമുകളാണ് നിലവിലുള്ളത്. ജനശ്രീ ബീമായോജന പദ്ധതിയിൽ 2350 അംഗങ്ങളുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളായവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പായി 3,28,800 രൂപ ലഭിച്ചു. മരണാനന്തര സഹായമായി 2 കുടുംബങ്ങൾക്ക് 30,000 രൂപ വീതം LIC യിൽ നിന്നും വാങ്ങിക്കൊടുക്കുവാൻ സാധിച്ചു. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ 900 കുടുംബങ്ങളുണ്ട്. അവർ 38900 രൂപ പ്രീമിയമായി അടച്ചപ്പോൾ 4,15,497 രൂപ ക്ലെയിമായി അവർക്ക് ലഭിച്ചു. താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയെ ലക്ഷ്യമിട്ടുള്ള മൈക്രോ ഇൻഷുറൻസ് പദ്ധതിയിൽ 1851 അംഗങ്ങളുണ്ട്. മരണാനന്തര സഹായമായി ഒരു കുടുംബത്തിന് 7200 രൂപ വാങ്ങിക്കൊടുക്കുവാൻ സാധിച്ചു. എച്ച്.ഡി.എസ്സിൻെറ കീഴിൽ 17 സ്പെസിഫൈഡ് പേഴ്സൺസ് ഇതിനായി പ്രവർത്തിച്ചുവരുന്നു. കൂടാതെ cattle ഇൻഷുറൻസും നടത്തി വരുന്നു.

### ക്രഡിറ്റ് യൂണിയൻ വാർഷിക ഓഡിറ്റിംഗ്

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ വാർഷിക ഓഡിറ്റിംഗ് 2012 ഏപ്രിൽ മാസം 2 -ാം തിയതി ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് എല്ലാ എസ്.എച്ച്.ജികളുടേയും മാർച്ച് 31 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്തു.

### ക്ഷയരോഗ നിവാരണ പരിപാടികൾ

കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് ഇൻഡ്യയുടെ ക്ഷയരോഗ നിവാരണ പരിപാടികൾ ജനങ്ങളിലെത്തിക്കുന്നതിനുള്ള ഇടുക്കി ജില്ലയിലെ മാത്യസന്നദ്ധസംഘമായി ഹൈറേഞ്ച് ഡെവലെപ്മെൻറ് സൊസൈറ്റി പ്രവർത്തിക്കുന്നു. കൂടാതെ ജില്ലയിലെ ക്ഷയരോഗ നിവാരണ കേന്ദ്രവുമായി സഹകരിച്ച് ഗ്രാമതലങ്ങളിൽ സംഘടിപ്പിച്ച 36 ബോധവൽക്കരണ പരിപാടികളിൽ 750 പേർ പങ്കെടുത്തു.

### ഗിരിജ്യോതി ഫാം ഫ്രണ്ട്സ്

സൊസൈറ്റിയുടെ കാർഷിക മേഖലയ്ക്കുള്ള ഏറ്റവും വലിയ സംഭാവനയാണ് ഗിരിജ്യോതി ഫാം ഫ്രണ്ട്സ്. കൃഷിയ്ക്കും കൃഷിക്കാരനും മാന്യത പകരുക, പരമാവധി ഭൂമി കൃഷിഭൂമിയാക്കുക, തരിശുഭൂമികളിലേയ്ക്കും കൃഷി വ്യാപിപ്പിയ്ക്കുക, അദ്ധ്വാനത്തിലൂടെ അധിക വരുമാനം നേടുക എന്നിവയെല്ലാമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. കൃഷിയെ സ്നേഹിയ്ക്കുകയും പരിപാലിയ്ക്കുകയും ചെയ്യുന്ന 15 മുതൽ 25 വരെ അംഗങ്ങളാണ് ഒരു ഗ്രൂപ്പിലുള്ളത്. ഒരു മണിക്കൂറിന് 40-60 രൂപയാണ് വേതനം. 13 ഫാം ഫ്രണ്ട്സ് ഗ്രൂപ്പുകൾ എച്ച്.ഡി.എസിന്കീഴിൽ പ്രവർത്തിയ്ക്കുന്നു.



### വികലാംഗ സംഗമം - മുരിയ്ക്കാശ്ശേരി

വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ ശാരീരിക മാനസിക വൈകല്യമുള്ള ആളുകളുടെ സംഗമം 2012 മാർച്ച് 10 ന് മുരിയ്ക്കാശ്ശേരി കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തപ്പെട്ടു. 250 ആളുകൾ പങ്കെടുത്ത ഈ സംഗമത്തിൽ വികലാംഗർക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും, ആനുകൂല്യങ്ങളെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു.









**കൃഷി പരിശീലന പരിപാടി**

യുവജനങ്ങൾക്ക് കാർഷിക മേഖലയിലെ പുതിയ രീതികൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും, ജൈവ കാർഷിക രീതികളിൽ പരിശീലനം നൽകുന്നതിനുമായി ഹൈറേഞ്ച് ഡെവലെപ് മെൻറ് സൊസൈറ്റി ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിയ്ക്കുന്ന FVTRS എന്ന സംഘടനയുമായി സഹകരിച്ച് കൃഷി അധിഷ്ഠിത തൊഴിൽ



വൈദഗ്ദ്യ വികസന പരിശീലന പരിപാടി നടത്തി. ജൈവ വള നിർമ്മാണം, ജൈവകീടനാശിനി നിർമ്മാണം, മുയൽ,കൂൺ,തേനീച്ച കൃഷി, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് തുടങ്ങിയ വിവിധ വിഷങ്ങളിൽ പരിശീലനം നടത്തി. പരിശീലനം പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ എല്ലാവർക്കും ഓരോ ജോടി മുയലുകളും 9 പേർക്ക് കൂൺ വിത്തുകളും വിതരണം ചെയ്തു. ലോവർകുളമാവ്, വാഴത്തോപ്പ്, രാജമുടി, കോഴിമല, മറയൂർ എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തിയ പരിപാടികളിൽ 90 പേർ പരിശീലനം പൂർത്തിയാക്കി.

**കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിൻെറ ഐഡൻറിറ്റി കാർഡ് വിതരണം**

കരകൗശല വസ്തു നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവർക്കായി കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയം നടത്തിയ സ്കിൽ ടെസ്റ്റിൽ പാസായ 47 പേർക്ക് കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയത്തിൻെറ ഐഡൻറിറ്റി കാർഡ് വിതരണം ചെയ്തു. ഈ കാർഡ് സ്വന്തമായുള്ളവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും, മറ്റ് വായ്പാ പദ്ധതികളിലൂടെ സംരംഭങ്ങൾ വിപുലപ്പെടുത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭിയ്ക്കും. കാർഡ് ഉടമകൾക്ക് റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും ലഭിയ്ക്കും.

**വാട്ടർ ടാങ്ക്**

ശുദ്ധമായ കുടിവെള്ളം ലഭിക്കുവാൻ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഹൈറേഞ്ച് പോളിമേഴ്സ് എന്നകമ്പനിയുമായി സഹകരിച്ച് 183 കുടുംബങ്ങൾക്ക് ഗിരിജ്യോതി വാട്ടർ ടാങ്കുകൽ നൽകി.

**ഗിരിജ്യോതി ട്രൈബൽ എൽ.പി.സ്കൂൾ**

മറയൂർ കൂടയ്ക്കാട്ടുകുടിയിൽ പ്രവർത്തിയ്ക്കുന്ന ഗിരിജ്യോതി ട്രൈബൽ എൽ.പി.സ്കൂളിൽ 105 കുട്ടികൾ പഠിക്കുന്നു. 4 അധ്യാപകരും 2 സിസ്റ്റേഴ്സും സ്കൂളിൽ വർക്ക് ചെയ്യുന്നു. സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ സ്കൂളിൻെറ പ്രവർത്തനത്തിന് സാമ്പത്തികമായി സഹായിക്കുന്നു.

**വാർഷികം**

ഗിരിജ്യോതി എൽ.പി.സ്കൂളിൻെറ 2011 – 12 വർഷത്തെ വാർഷികം 2012 മാർച്ച് 12 ന് നടത്തി. ശ്രീ. എസ് .രാജേന്ദ്രൻ എം.എൽ.എ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ.കെ.രാജൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ഉഷാ ഹെൻ്ററി, മറയൂർ ഡി.എഫ്.ഒ ശ്രീ.ജസ്റ്റിൻ സ്റ്റാലിൻ, സൊസൈറ്റി ഡയറക്ടർ. റവ.ഫാ.സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ എന്നിവർ പങ്കെടുത്തു. ഹൈറേഞ്ച് ഡെവലെപ്മെൻറ് സൊസൈറ്റിയും സ്വിറ്റ്സർലണ്ട് കേന്ദ്രമായി പ്രവർത്തിയ്ക്കുന്ന സെൻറ്.ഗാളൻ പ്രയർ ഗ്രൂപ്പും സഹകരിച്ച് നിർമ്മാണം പൂർത്തിയാക്കിയ സാനിട്ടറി ബ്ലോക്കിൻെറയും ഉച്ചക്കഞ്ഞിപ്പുരയുടേയും കേരള വനം വകുപ്പ് സമ്മാനിച്ച സോളാർ സിസ്റ്റത്തിൻെറയും കമ്പ്യൂടറിൻെറയും ഉദ്ഘാടനവും നടന്നു.



**ജൈവ കർഷക സംഗമം**

വിവിധ മേഖലയിൽപ്പെട്ട ജൈവകർഷകരുടെ സംഗമം ഒക്ടോബർ മാസം 15 –ം തിയതി രാവിലെ 10 മണിയ്ക്ക് മുരിയ്ക്കാശ്ശേരിയിലും ഉച്ചകഴിഞ്ഞ 2 മണിയ്ക്ക് തോപ്രാൻ കുടിയിലും 16 – ം തിയതി രാവിലെ 10 മണിയ്ക്ക് സൊസൈറ്റിയുടെ ഓഫീസിലും വച്ച് നടത്തപ്പെട്ടു. പീരുമേട് ഡവലെപ്മൻറ് സൊസൈറ്റിയിൽനിന്നുള്ള പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു. ജൈവകൃഷി വ്യാപകമാക്കുന്നതിനെ സംബന്ധിച്ചും ജൈവ ഉത്പന്നങ്ങളുടെ മാർക്കറ്റിംഗിനെക്കുറിച്ചും ചർച്ചകൾ നടത്തി.










## സോളാർ റാന്തൽ വിളക്ക്, LED ടോർച്ച്

ഹൈറേഞ്ച് ഡെവലെപ് മെൻറ് സൊസൈറ്റിയും ദേശീ ടെക്നോളജി ഒഡീഷയും സംയുക്തമായി സോളാർ റാന്തൽ വിളക്ക് LED ടോർച്ച് എന്നിവ നിർമ്മിയ്ക്കാനുള്ള ത്രിദിന പരിശീലന പരിപാടി 2012 ഓഗസ്റ്റ് 9, 10, 11 തിയതികളിൽ എച്ച്.ഡി.എസ്സ് ഓഫീസിൽ വച്ച് നടത്തി. 16 അംഗങ്ങൾ പരിശീലനം പൂർത്തിയാക്കി. അവരുടെ നേതൃ ത്വത്തിൽ പുതിയ റാന്തൽ വിളക്കുകളും ടോർച്ചുകളും ആവശ്യാനുസരണം ഉണ്ടാക്കി നൽകുന്നു.

## ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ

ഹൈറേഞ്ച് ഡെവലെപ് മെൻറ് സൊസൈറ്റിയും സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയും സംയുക്തമായി ജില്ലയിലെ ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. ക്ലാസ്സുകൾക്ക് റവ.ഫാ.ജോൺ ചേനംചിറ, ബ്രദർ ബിബിൻ ഇരട്ടച്ചിറയിൽ ബ്രദർ ജോയിസ് കൊച്ചിതറയിൽ എന്നിവർ നേതൃത്വം നൽകുന്നു. ഇരട്ടയാർ, മരിയാപുരം, പണിക്കൻ കുടി, വെള്ളയാംകുടി തുടങ്ങിയ സ്കൂളുകളിൽ ക്ലാസ്സുകൾ നടത്തുകയും സ്കൂളുകളിൽ ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിയ്ക്കുകയും ചെയ്തു.



## സുരക്ഷിത വീട് 2012

ഹാബിറ്റാറ്റ് ഫോർ ഹ്യുമാനിറ്റി ഇൻഡ്യയും എച്ച് ഡി എസും സംയുക്തമായി വീട് നവീകരിക്കുന്നതിനുള്ള പലിശ രഹിത വായ്പാ പദ്ധതി ആരംഭിച്ചു.20000 രൂപ വീതം വായ്പ നൽകുന്നതാണ്. വിവിധ യൂണിറ്റുകളിലെ 56 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു



## മാലിന്യമുക്ത മലയോരം

മാലിന്യമുക്ത മലയോരം എന്നബോധവൽക്കരണ പരിപാടിക്ക് തുടക്കം കുറിച്ചു . മാലിന്യസംസ്കരണത്തെപറ്റി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെയും ഖാദി കമ്മിഷന്റെയും വിദഗ്ധർ ക്ലാസുകൾ നയിക്കും .

## സോളാർ ലാന്റ്റേൻ

വൈദ്യുതി ഉപയോഗം ലഘുകരിക്കുന്നതിനായി എച്ച് ഡി എസിന്റെ ആഭിമുഖ്യത്തിൽ സോളർ റാന്തൽ വിളക്ക് എൽ ഇ ഡി ലൈറ്റ് എന്നിവയുടെ വിതരണം സബ്സിഡി സിരക്കിൽ വിതരണം നടത്തി.

## ഡി അർ ഐ ലോൺ വിതരണം

ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയും സൗത്ത് ഇൻഡ്യൻ ബാങ്കും സംയുക്തമായി പശു പന്നി എന്നിവയെ വളർത്തുന്നതിന് 146പേർക്ക് 15000 രൂപ വീതം ഡി അർ ഐ ലോൺ നൽകി.

## പ്രകൃതി വിഭവ സംരക്ഷണം

എച്ച് ഡി എസിന്റെ നേതൃത്ത്യത്തിൽ വൈദികർ.സിസ്റ്റേഴ്സ് സംഘടനാ ഭാരവാഹികൾ തുടങ്ങിയവർക്ക് പ്രകൃതി വിഭവ സംരക്ഷണത്തെക്കുറിച്ച് ഡോ.വി അർ ഹരിദാസിന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടന്നു.

## ജൈവ സർട്ടിഫിക്കേഷൻ

ജനങ്ങളെ ജൈവ കൃഷിരീതികൾ പരിശീലിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ജൈവ സർട്ടിഫിക്കേഷൻ



പ്രോഗ്രാം നടത്തുന്നു. ഹരിത, ഐശ്വര്യ, ജീവ എന്നീ മൂന്ന് കർഷക ജൈവ സംഘങ്ങളിലായി 172 കർഷകർ ഈ പരിപാടിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. വിവിധയിനം ജൈവ ജീവാണു വളങ്ങളും ജൈവ കീട നാശിനികളും ഉണ്ടാക്കുന്നതിന് ഇവർക്ക് പരിശീലനം നൽകി.

## കാർഷിക പുനരുജ്ജീവന പദ്ധതി ഉദ്ഘാടനവും വാഴത്തോപ്പ് മേഖലാ സമ്മേളനവും

എച്ച് ഡി എസിന്റെ കീഴിൽ ഇടുക്കി മേഖലയിലെ സ്വാശ്രയ സംഘ ഭാരവാഹികളുടെ കാർഷിക പുനരുത്ഥാരണം ലക്ഷ്യമാക്കിയുള്ള ഫാം ഫ്രണ്ട്സിന്റെ ഉദ്ഘാടനം ജൂലൈ 11-ാം തിയതി കരിമ്പൻ സെൻെറ്. മേരിസ് പാരിഷ് ഹാളിൽ വച്ച് നടന്നു. കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുക അദ്ധ്വാനത്തിലൂടെ അധികവരുമാനം നേടുക .തരിശുഭൂമി കൃഷി ഭൂമി ആക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ .









## കോഴിക്കുഞ്ഞ് വിതരണം


എച്ച് ഡി എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള മുട്ട ക്കോഴികുഞ്ഞുങ്ങളെ വിതരണം നടത്തി. കിളിയാർകണ്ടം. കോ ഴിമല, മരിയാപുരം. ആൻേറാപുരം. രാജമുടി എന്നി യൂണിറ്റുകളി ലായി 565 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു.

## തയ്യൽമെഷീൻ

വനിതകളുടെ സ്വയം തൊഴിൽ സംരഭത്തിൻെറ ഭാഗമായി വിവിധ സംഘങ്ങളിലെ അംഗങ്ങൾക്ക് ഉഷ, സിങ്കർ, തുടങ്ങിയ കമ്പനികളുടെ 62 തയ്യൽ മെഷീനുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.

## ബയോഗ്യാസ് പ്ലാൻറ്

ഖാദി കമ്മീഷൻെറ ധന സഹായത്തോടെ 75 കുടുംബങ്ങൾക്ക്




8000 രൂപ സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിച്ചു നൽകി. ഇവർക്കെല്ലാം സൺഷൈൻ കമ്പനിയുടെ ബയോഗ്യാസ് സ്റ്റൗ മിതമായ നിരക്കിൽ നൽകുവാനും കഴിഞ്ഞു.

## ഗിരിജ്യോതി ആദിവാസി ക്ഷേമ പ്രവർത്തനം

ഹൈറേഞ്ച് ഡെവലെപ് മെൻറ് സൊസൈറ്റിയുടെ ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ പ്രധാനമായും മറയൂർ-കൂടയ് ക്കാട്ടുകുടി, കഞ്ഞിക്കുഴി-മഴുവടി, കോഴിമല,തുടങ്ങിയപ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ്. സാം സ്ക്കാരിക പുരോഗതിയ്ക്കും, ആരോഗ്യപരിപാലനത്തിനും സഹായിക്കുന്ന ബോധവത്ക്കരണ പരിപാടികൾ, തൊഴിലധിഷ്ഠിത പരിശീലനം, ക്രെഡിറ്റ് യൂണിയനുകൾ വഴി സാമ്പത്തിക സമാഹരണം, സാമ്പത്തിക സഹായം തുടങ്ങിയ പരിപാടികൾ നടന്നുവരുന്നു.

## മുയൽ മാംസ സംസ്ക്കരണ കേന്ദ്രം

കനകക്കുന്ന് കേന്ദ്രമായി പ്രവർത്തിയ്ക്കുന്ന ഗിരിജ്യോതി മുയൽ മാംസ സംസ്ക്കരണ കേന്ദ്രത്തിൻെറ പ്രവർത്തനം



മുയൽ കൃഷിയിൽ ഇടുക്കിയിലെ ജനങ്ങൾക്ക് പുതിയ പ്രതീക്ഷ നൽകി. മുയൽ വളർത്തൽ, മുയൽക്കൂട് നിർമ്മാണം തുടങ്ങി നിരവധി പരിശീലന പരിപാടിയിലൂടെ അനേകം കുടുംബങ്ങൾ പുതിയതായി മുയൽ കൃഷിയിലേയ്ക്ക് വന്നും ഇവർക്ക് വായ്പ നൽകി പ്രോത്സാഹിപ്പിക്കുന്നു.

## മുയൽ കാർഷികസംഗമവും അവാർഡ് വിതരണം



എച്ച് ഡി എസിന്റെ ഭാഗമായി കനകക്കുന്നിൽ പ്രവർത്തിക്കുന്ന ഗിരിജോതി റാബിറ്റ് മീറ്റ് പ്രേസ സിംഗ് സെന്ററിന്റെ 2–മത് വാർഷികം നടന്നു.

## മുയൽ വിതരണം



എച്ച്. ഡി. എസ്സിൻെറ കീഴിൽ പ്രവർത്തിയ്ക്കുന്ന ശാരീരിക മാനസിക ന്യൂനതയുള്ളവരുടെ സംഘടനയായ തീരവും കാമാക്ഷിഗ്രാമപഞ്ചായത്തും ച്ചേർന്ന് പഞ്ചായത്തിലുള്ള വികലാംഗരുടെ കുടുംബത്തിന് 2 ജോടി മുയലുകളെ സൗജന്യമായി വിതരണം നടത്തി. സൊസൈറ്റിയും വിവിധ പഞ്ചായത്തുകളും ചേർന്ന് നടപ്പിലാക്കുന്ന മുയൽ വിതരണ പദ്ധതിയിൽ ഇതിനോടകം 2022 കുടുംബങ്ങൾക്ക് വരുമാന വർദ്ധന പദ്ധതിയുടെ ഭാഗമായി മുയൽ കുഞ്ഞുങ്ങളെ നൽകി.

## വിവിധയിനം സോളാർ സിസ്റ്റവുമായി HDS

വൈദ്യുതിക്ക് വളരെ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിയ്ക്കുന്നത്. വൈദ്യുതിക്ഷാമം നേരിടുന്നതിന് നാം ഇന്ന് മറ്റ്സ്രോതസ്സുകളെ ആശ്രയിക്കേണ്ടിയിരിയ്ക്കുന്നു. ഈ സാഹചര്യത്തിൽ ചിലവു കുറഞ്ഞതും പ്രകൃതിയ്ക്ക് ഇണങ്ങുന്നതുമായ ഏറ്റവും നല്ല ഊർജ്ജ സ്രോതസ്സ് സോളാർ എനർജ്ജിയാണ്. ഹൈറേഞ്ച് ഡെവലെപ്മെൻറ് സൊസൈറ്റി വിവിധയിനം സോളാർസിസ്റ്റവുമായി സാധാരണ ജനങ്ങൾക്കിടയിലേയ്ക്ക് എത്തിയിരിയ്ക്കുന്നു. സോളാർ റാന്തൽ വിളക്കുമുതൽ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം വരെ സബ്സിഡിയോടുകൂടി നമ്മുടെ സൊസൈറ്റിയിൽനിന്നും ലഭ്യമാണ്.

മൊബൈൽ ചാർജറോടുകൂടിയ റാന്തൽ വിളക്കുകൾ, മൂന്ന് ഇടങ്ങളിലായി മൂന്ന് ലൈറ്റുകൾ സെറ്റ് ചെയ്യാവുന്ന രീതിയിലുള്ള സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം, അമ്മിണി റാന്തൽ വിളക്കുകൾ തുടങ്ങിയവ മിതമായ വിലയിൽ നമ്മുടെ സൊസൈറ്റിയിൽ നിന്നും ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ നിങ്ങൾ ശ്രദ്ധിക്കുമല്ലോ. സോളാർ ഉപയോഗത്തിലൂടെ വൈദ്യുതി പ്രതിസന്ധി പരിഹരിയ്ക്കപ്പെടുകയും ഊർജ്ജ ഉപഭോഗയഞ്ജത്തിൽ നാം പങ്കാളിക ളാകുകയും ചെയ്യുന്നു.

ജോബിൻ ജേക്കബ് വള്ളിയാംതടത്തിൽ

ഹൈറേഞ്ച് ഡെവലെപ്മെൻറ് സൊസൈറ്റി









## കുരുമുളകും അവയുടെ കൃഷിരീതികളും

ജിനോ ടോംസ് ജി



കേരളത്തിന്റെ ഒരു കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തന്ന വിളകളിൽ പ്രധാനിയാണ് കുരുമുളക്. ഹൈറേഞ്ചിന്റെ സമ്പദ്ഘടനയെ നിർണ്ണയിക്കുന്നതിൽ കുരുകുളകിന്റെ വിപണിയിലെ വില മുഖ്യപങ്കുവഹിച്ചു. തൊഴിലാളികളുടെ ക്ഷാമവും വർദ്ധിച്ചുവരുന്ന രോഗങ്ങളും മണ്ണിലെ ജൈവാവശിഷ്ടങ്ങളുടെ കുറവും വിലയിലെ സ്ഥിരതയില്ലായ്മയും കുരുമുളക് കൃഷിയിൽനിന്നും കർഷകരെ ഇന്ന് പിന്തിരിപ്പിക്കുന്നു. പൊടിയും ഓയിലും സുഗന്ധവ്യഞ്ജനവിപണിയിൽ പ്രധാനപ്പെട്ടവയാണ്.

പന്നിയൂർ, ശുഭകര, കരിമുണ്ട, പഞ്ചമി, പൗർണ്ണമി, കുതിരവള്ളി, കൊട്ടനാടൻ, അറക്കുളം മുണ്ട, ബലൻകൊട്ട കല്ലുവള്ളി എന്നിവയാണ് കൃഷിക്കായി ഉപയോഗിക്കുന്ന പ്രധാന കുരുമുളക് ഇനങ്ങൾ. മേൽപ്പറഞ്ഞവയിൽ പന്നിയൂർ വിഭാഗത്തിൽപ്പെട്ടവയാണ് വ്യാപകമായി കൃഷിക്കാർ ഉപയോഗിക്കുന്നത്.

### കൃഷിരീതി

കുരുമുളകിന്റെ വള്ളികളാണ് നടുന്നതിനായി ഉപയോഗിക്കുന്നത്. മാതൃചെടിയിൽ നിന്നും രണ്ട് മുതൽ മൂന്ന് മുട്ടുവരെ അകലത്തിൽ കുരുമുളക് വള്ളികൾ മുറിച്ചെടുത്ത് കൃഷിക്കായി ഉപയോഗിക്കുന്നു. മുരിക്കിൻ കാലുകളിലാണ് സാധാരണയായി കുരുമുളക് വള്ളികൾ കയറ്റിവിടുന്നത്. ചിലർ പ്ലാവും സിൽവർഓക്കും മറ്റും ഇതിനായി ഉപയോഗിച്ചു കാണുന്നു. ഇതാണ് കൂടുതൽ മെച്ചം. ഏപ്രിൽ, മെയ് മാസങ്ങളിലാണ് സാധാരണ കുരുമുളക് വള്ളികൾ നടുന്നത്. നടാൻ ഉദ്ദേശിക്കുന്ന മരത്തിന്റെ ചുവട്ടിൽ അൻപത് സെന്റിമീറ്റർ ആഴത്തിൽ കുഴികളെടുത്താണ് കുരുമുളക് കൃഷിചെയ്യുന്നത്.

അതുപോലെതന്നെ കുരുമുളക് ചെടിയുടെ വളർച്ചയിൽ ജൈവവസ്തുക്കളുടെ ലഭ്യത വളരെ പ്രധാനപ്പെട്ടതാണ്. ഒരു കുരുമുളക് ചെടിയ്ക്ക് 4-5% ജൈവാംശം ആവശ്യമാണ്. ഈ ജൈവാംശത്തിന്റെ ലഭ്യത കുറഞ്ഞാൽ ചെടികളുടെ അതിജീവനശേഷി കുറഞ്ഞ് ചെടി നശിച്ചുപോകും. മാത്രമല്ല അത് ചെടിയുടെ ചുവട്ടിൽ അസിഡിറ്റി കൂട്ടുവാൻ കാരണമായിതീരുകയും ചെയ്യുന്നു. തത്ഫലമായി ചെടികളുടെ മൂലകങ്ങൾ വലിച്ചെടുക്കുവാനുള്ള കഴിവ് കുറയുന്നു.

കുരുമുളക് കൃഷി പരാജയത്തിലേയ്ക്ക് നീങ്ങുവാൻ പ്രധാനമായും രാസവളങ്ങളുടെ ഉപയോഗം കൂടിയതും, ചെയ്തുകൊണ്ടിരിക്കുന്ന ജൈവവളങ്ങൾ നിർത്തലാക്കിയതാന്ന് കാരണങ്ങൾ. കുരുമുളകിനെ സംബന്ധിച്ചിടത്തോളം ജൈവകൃഷി മാത്രമാണ് രക്ഷാമാർഗ്ഗം.

### രോഗങ്ങൾ

**സാവധാന വാട്ടം** സാധാരണ കർഷകർ ശ്രദ്ധിക്കാതെ പോകുന്ന ഒരു പ്രധാനരോഗമാണ് ഇത്. ചെടികളുടെ ഇലകളിൽ ചെറിയ മഞ്ഞളിപ്പ് വന്ന് പതിയെപ്പതിയെ ചെടി നശിച്ച് പോകുന്ന രോഗമാണിത്. നിമാവിരകളാണ് രോഗകാരി. ഈ രോഗത്തിന് പ്രതിവിധിയായി പിസിലോമൈസസ് എന്ന മിത്രകുമിൾ ലഭ്യമാണ്. ഇത് 250 മില്ലി 50 ലിറ്റർ വെള്ളത്തിൽ കലർത്തി ഉപയോഗിക്കാം.

**ദ്രുതവാട്ടം** ചെടികളുടെ ഇല മഞ്ഞളിച്ച് കൊഴിഞ്ഞുപോകുന്നു. ചെടി ഇല കൊഴിഞ്ഞ കറുത്ത കളറിൽ വന്ന് ചീഞ്ഞ് നശിക്കുന്നു. ചെടിയുടെ ചുവട് പറിച്ച് നോക്കിയാൽ ദ്രവിച്ചിരിയ്ക്കുന്നത് കാണാം. ഫൈറ്റോഫ്ലറ എന്ന കുമിൾ ആണ് രോഗകാരി. ട്രൈക്കോഡർമ മരുന്നായി ഉപയോഗിക്കാം.

### കീടങ്ങൾ

**പൂള്ളുവണ്ട്** വെളുത്തുള്ളി ഗോമൂത്രം മിശ്രിതത്തിൽ വേപ്പെണ്ണ 0.5% ചേർത്ത് അടിയ്ക്കുക.

**നിമാ വിരകൾ** പിസിലോമൈസസ് 250 മില്ലി 50 ലിറ്റർ വെള്ളത്തിൽ കലർത്തി ചെടികളുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക

## ദ്രുതവാട്ടം

ഫൈറ്റോഫ്ഥറ എന്ന കുമിൾ ആണ് കുരുമുളകിൻെറ ദ്രുതവാട്ടത്തിന് കാരണം. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾതന്നെ ചാണകവും, വേപ്പിൻ പിണ്ണാക്കും കളർന്ന മിശ്രിതത്തിൽ വളർത്തുന്ന ട്രൈക്കോഡർമ എന്ന മിത്ര കുമിൾ ചെടിയുടെ ചുവട്ടിൽ എടുക.

## ട്രൈക്കോഡർമ നിർമ്മിക്കുന്ന വിധം

90 കിലോ ഉണക്കചാണകവും 9 കിലോ വേപ്പിൻ പിണ്ണാക്കും കലർത്തിയ മിശ്രിതത്തിൽ 1 കിലോ ട്രൈക്കോഡർമ കൾചർ കലർത്തുക. പുട്ടുണ്ടാക്കാനുള്ള നനവിന് പാകത്തിന് നനയ്ക്കുക. ഇനി ഇതിനെ 1 അടി കനത്തിൽ നിരത്തി നനഞ്ഞ ചണച്ചാക്ക് ഉപയോഗിച്ച് മൂടി ഇടുക. എല്ലാ ദിവസവും ഇളക്കി കൊടുക്കുകയും ചാക്ക് നനച്ച് ഇടുകയും ചെയ്യുക. 6 – 7 ദിവസത്തിനുള്ളിൽ ട്രൈക്കോഡർമ വളർന്ന് പച്ചനിറം ആകുന്നതോടെ ഉപയോഗത്തിന് തയ്യാറായി.

## വളപ്രയോഗം

വർഷത്തിൽ 2 തവണ വീതം വളമിടാം. വൃത്താകൃതിയിൽ കുരുമുളക് ചെടിയുടെ ചുവട്ടിൽ നിന്നും 75 സെൻറീമീറ്റർ മാറി വേണം വളമിടാൻ. കുരുമുളക് ചെടിയ്ക്ക് ജൈവവളമാണ് അഭികാമ്യം. മെയ്, ജൂൺ മാസങ്ങളിലും സെപ്തംബർ – ഒക്ടോബർ മാസങ്ങളിലും വളമിടുന്നതിന് 15 ദിവസം മുൻപെങ്കിലും ഡോളാമേയ്റ്റ് അല്ലെങ്കിൽ കുമ്മായം സെൻറിന് 2 കിലോ എന്ന അളവിൽ ചെടിത്തോട്ടത്തിൽ ഉപയോഗിക്കേണ്ടതാണ്. ചെടി ഒന്നിന് 5 കിലോ ചാണകം അല്ലെങ്കിൽ കമ്പോസ്റ്റ് 500 ഗ്രാം ചാരം 1/2 കിലോ വേപ്പിൻ പിണ്ണാക്ക് എന്നിവ കാലവർഷത്തിന്മുൻപായി ഇട്ടുകൊടുക്കണം. സെപ്തംബർ – ഒക്ടോബർ മാസത്തിൽ 5 കിലോ ചാണകവും 500 ഗ്രാം ചാരവും 500 ഗ്രാം വേപ്പിൻ പിണ്ണാക്കും ഇട്ടുകൊടുക്കാം. ചാണകത്തിന് പകരം കമ്പോസ്റ്റാണ് ഉപയോഗിയ്ക്കുന്നതെങ്കിൽ പകുതി അളവ് ഉപയോഗിച്ചാൽ മതി. മണ്ണിൻെറ അസിഡിറ്റി കുറയ്ക്കുവാനായി കുമ്മായം അല്ലെങ്കിൽ ഡോളമേയ്റ്റ് 2 സെൻറിന് ഒരു കിലോ എന്ന നിരക്കിൽ ഉപയോഗിക്കാം.

# ഗാഡ്കിൽ റിപ്പോർട്ടും അതിൻെറ പ്രത്യാഘാതങ്ങളും

**ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ**

കേരളം ഉൾപ്പെടെ ആറ് സംസ്ഥാനങ്ങളിലായി പരന്നു കിടക്കുന്ന പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ലോല പ്രദേശങ്ങൾ കണ്ടെത്തുന്നതിനും അതിൻെറ അതിർത്തി നിർണ്ണയിക്കുന്നതിനും, അതിൻെറ സംരക്ഷണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ ജനങ്ങൾ ഉൾപ്പെടെയുള്ളവരുമായി വിശദമായി ചർച്ചചെയ്ത് കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനും 4–3–2010 ൽ നിയോഗിയ്ക്കപ്പെട്ട പ്രൊഫ.മാധവ് ഗാഡ്കിൽ അദ്ധ്യക്ഷനായ പശ്ചിമഘട്ടപരിസ്ഥിതി വിദഗ്ദ സമിതി (Western Ghat Ecology Expert Panel - WGEEP) യുടെ റിപ്പോർട്ട് പുറത്തുവന്നിരിയ്ക്കുന്നു. 31.08.2011 ൽ സമർപ്പിയ്ക്കപ്പെട്ട പ്രസ്തുത റിപ്പോർട്ട് തികച്ചും ആശങ്ക ഉണർത്തുന്ന സ്ഥിതി വിശേഷം സൃഷ്ടിച്ചിരിയ്ക്കുകയാണ്. പശ്ചിമഘട്ട മലനിരകളുടെ പരിസ്ഥിതി സംരക്ഷണമാണ് ലക്ഷ്യമെന്ന് റിപ്പോർട്ട് അവകാശപ്പെടുന്നുണ്ടെങ്കിലും ഇതിൻെറ ഉദ്ദേശ്യശുദ്ധിയെ സംശയിയ്ക്കേണ്ട നിരവധി പ്രതിപാദനങ്ങൾ ഇതിലുണ്ട്. ഈ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന കാരണങ്ങളാൽ ഇതിനെ എതിർക്കുകയും പൂർണ്ണമായി തള്ളിക്കളയണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

- ജനവാസ കേന്ദ്രങ്ങളിലെല്ലാം കുറെ ഭൂമി മനുഷ്യ സ്പർശമേൽക്കാത്ത പ്രദേശമായി സംരക്ഷിക്കണം
- സർക്കാർ ഭൂമി സ്വകാര്യ ഭൂമി ആക്കി മാറ്റരുത് ഭൂമി പതിച്ച് നൽകുന്നതിനുള്ള മുഴുവൻ നടപടികളും നിർത്തിവെയ്ക്കണം. (ലക്ഷക്കണക്കിന് ജനങ്ങൾക്ക് പട്ടയം നിഷേധിക്കപ്പെടും)
- കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഒരു കാരണവശാലും ഉപയോഗിക്കാൻ അനുവദിക്കരുത്. വീട്, വിദ്യാഭ്യാസ സ്ഥപനങ്ങൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവ നിർമ്മിക്കാൻ അനുവാദം കൊടുക്കാനാവില്ല. കമ്പി മണൽ സിമൻ്റ് ഇവയുടെ ഉപയോഗം നിരോധിക്കപ്പെടും.
- മണ്ണിൽ തറയോട് കരിങ്കല്ല് എന്നിവ പാകുന്നത് നിരോധിക്കും
- ചരിവുള്ള സ്ഥലങ്ങളിലെ തന്നാണ്ട് കൃഷി നിരോധിക്കും ഫലത്തിൽ കപ്പ, ചേന ചേമ്പ് ഇഞ്ചി മഞ്ഞൾ തുടങ്ങിയവ കൃഷി ചെയ്യുന്നത് സാദ്ധ്യമല്ലാതാകും
- എല്ലാ രാസവളങ്ങളും കീടനാശിനികളും നിരോധിക്കും
- പാറ പൊട്ടിക്കൽ, മണൽ വാരൽ എന്നിവയ്ക്ക് ലൈസൻസ് നൽകില്ല. വീട്, റോഡ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മരവിക്കും

- പത്ത് അടിയിൽ അധികം ഉയരമുള്ള ഡാമുകൾ പാടില്ല-ജലസംഭരണംഅസാദ്ധ്യമാകുകയും കൃഷി നശിക്കുകയും ചെയ്യും.
- പത്ത് മെഗാവാട്ടിൽ കൂടുതലുള്ള ജലവൈദ്യുത പദ്ധതികളോ താപ വൈദ്യുത നിലയങ്ങളോ കാറ്റാടി പാടങ്ങളോ പാടില്ല. 50 വർഷത്തിലധികം പഴക്കമുള്ള ഇടുക്കി ഉൾപ്പെടെയുള്ള മുഴുവൻ ഡാമുകളും ഡീ കമ്മീഷൻ ചെയ്യേണ്ടിവരും.കേരളം ഇരുട്ടിലാകും (കേരളത്തിലെ 80% വൈദ്യുതിയും ഇടുക്കി ജില്ലയിൽ നിന്നാണ് ഉത്പാതിപ്പിക്കുന്നത്)
- പുതിയ റോഡുകളോ റെയിൽപാളങ്ങളോ പാടില്ല. ഗ്രാമീണ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും നടക്കില്ല
- പുതിയ ഹൈവേകൾ എക്സ്പ്രസ് വേ എന്നിവ പാടില്ല.(മലയോര ഹൈവേ സ്യപ്നമാകും)
- പ്ലാസ്റ്റിക് വസ്തുക്കൾ പൂർണമായും നിരോധിക്കും(പ്ലാസ്റ്റിക് കൂടുകൾ മാത്രമല്ല എന്നോർമ്മിക്കുക)
- വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ജനപ്രവാഹം കുറയ്ക്കണം. ഫാം ടൂറിസം ഉൾപ്പെടെ ചെറുപ്പക്കാർക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ തടയ.
- വാഹന ഗതാഗതത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തണം. വയനാട്–മൈസൂർ പാത അടച്ചതുപ്പോലെ രാത്രികാല ഗതാഗതം നിരോധിക്കും.
- ജല ഉപയോഗം നിയന്ത്രിക്കണം. കൃഷിക്ക് ജലസേചനത്തിനായി പമ്പുസൈറ്റുകൾ ഉപയോഗിക്കാനാവില്ല. ചെറിയ നിർമ്മാണപ്രവർത്തനങ്ങൾക്ക് വരെ പരിസ്ഥിതി ആഘാത പഠനം നിർബന്ധമാക്കും
- വീടോ, തൊഴുത്തോ പണിയാനാവില്ല. എന്നർത്ഥം. 3 പശുക്കളിൽ കൂടുതൽ വളർത്താൻ അനുമതിയുണ്ടാകില്ല. ഉത്പാദനശേഷി കൂടിയ സങ്കര ഇനത്തെ വളർത്താനും അനുമതിയുണ്ടാകില്ല. മാട്ടുപ്പെട്ടി ഇൻഡോ–സ്വിസ് പദ്ധതിപ്പോലെ ധവള വിപ്ലവത്തിന് സഹായിച്ച ഗവേഷണശാലകൾ അടച്ചു പൂട്ടേണ്ടിവരും
- കോഴി ആട് തുടങ്ങിയ പക്ഷിമൃഗാദികളുടെ ഫാം തുടങ്ങുന്നതിന് പരിസ്ഥിതി ആഘാത പഠനവും നിരവധി ലൈസൻസുകളും അനിവാര്യമാ
- പാട്ടക്കാലാവധി കഴിയുന്ന ഭുമി ഏറ്റെടുത്ത് റിസർവ്വ് വനമായി സംരക്ഷിക്കും
- തേയില,കാപ്പി ഏലം റബ്ബർ തുടങ്ങിയ ഏകവിള തോട്ടങ്ങൾ വിവിധയിനം കൃഷി ചെയ്യുന്നതാക്കി മാറ്റണം.ഓരോ തോട്ടത്തിന്റെയും ഒരു നിശ്ചിതഭാഗം വനമാക്കി മാറ്റണം
- കല്ല് കയ്യാലകൾ നിർമ്മിക്കുന്നത് നിരോധിക്കും
- വെള്ളവും വളവും കൂടുതൽ ആവശ്യമുള്ള അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളെ ഒഴിവാക്കി വിളവ് കുറവുള്ള നാടൻ ഇനങ്ങൾ കൃഷി ചെയ്യണം പശ്ചിമഘട്ടത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക മാത്രമേ ചെയ്യാവൂ.
- ജനിതക മാറ്റം വരുത്തിയ വിത്തിനങ്ങളോ മരങ്ങളോ കൃഷി ചെയ്യരുത്.
- വന്യമൃഗങ്ങൾ കടന്നുപോകുന്ന ഭാഗത്തുള്ള കൃഷിഭൂമി വനമാക്കി സംരക്ഷിക്കണം
- കൃഷി ഭൂമിയോട് ചേർന്നുള്ള വെറും ഭൂമി തുടർന്ന് കൃഷി ചെയ്യാൻ അനുവദിക്കില്ല.

**ജനങ്ങൾ രാഷ്ട്രീയ സമുദായിക വ്യത്യാസങ്ങൾ എല്ലാം മറന്ന് ഒറ്റക്കെട്ടായി നിന്ന് ഈ റിപ്പോർട്ടിനെതിരെ പ്രതികരിക്കുകയും ഇത് തള്ളിക്കളയുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം.**


**Highrange Development Society (Idukki Diocesan Social Service Society)**
**(Reg.No:I 231/2003)Mariyapuram, Idukki - 685602**
**Phone: 04862 236568,205565 Web: www.hdsidukki.org**
**Email: hdsidukki@gmail.com**